# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3339** **25.06.2012 ൽ മറുപടിക്ക്**

## *എൽ.എ.സി- എ.ഡി.എഫ്. നിർമ്മാണ പ്രവർത്തനം*

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | സർക്കാർ നടപ്പിൽ വരുത്തുന്ന പുതിയ പദ്ധതിയായ എൽ.എ.സി-എ.ഡി.എഫ് പ്രകാരം എം.എൽ.എ. മാരുടെ ശുപാർശ ലഭിച്ചതിനും, നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനും ഇടയ്ക്കുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | എൽ.എ.സി.- എ.ഡി.എഫ്. പ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച നിർദ്ദേശം എം.എൽ.എ. മാർ ഏറ്റവും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റും സഹിതം ബന്ധപ്പെട്ട ഭരണ വകുപ്പിനാണ് നൽകേണ്ടത്. ഈ നിർദ്ദേശം ഭരണ വകുപ്പിന്റെ ശുപാർശയോടു കൂടി ധനവകുപ്പിന് ലഭ്യമാക്കണം. ധനവകുപ്പ് ഇത് പരിശോധിച്ച് സാമ്പത്തികാനുമതി നൽകുന്നതും തുടർന്ന് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകുന്നതുമാണ്. ഭരണ വകുപ്പിലെ/നിർവ്വഹണ ഏജൻസിയിലെ ബന്ധപ്പെട്ട അധികാരികൾ വകുപ്പിന്റെ സാധാരണ പ്രവൃത്തികൾക്കെന്ന പോലെ ഇതിന് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ബി. | ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ എത്ര സമയമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | ഈ നടപടിക്രമങ്ങൾ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളും എം.എൽ.എ.മാരും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രവൃത്തികൾ ആ വർഷം തന്നെ പൂർത്തിയാക്കുവാൻ ശ്രമിക്കേണ്ടതുമാണ്. |

അക്കൗണ്ടസ് ഓഫീസർ